(സി) ഇനിയും അവശേഷിക്കുന്ന പണികൾകൂടി പൂർത്തീകരിക്കുവാൻ എന്തു തുകയാണ് വേണ്ടതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കിളിമാനൂർ ഡിപ്പോയുടെ ഓഫീസിനുവേണ്ടി ഗ്യാരേജിനോടനുബന്ധിച്ചുള്ള കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയുടെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഇതിന്റെ വൈദ്യുതീകരണത്തിനും ബസ് സ്റ്റേഷൻ ആവശ്യാനുസരണം ലൈറ്റുകൾ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള വർക്കുകൾ ടെൻഡർ ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ ജോലികൾക്കുവേണ്ടി 4,27,800/- രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽ 3,66,870/- രൂപ ചെലവായി.

(സി) വാർഡ് ടാർ ചെയ്യുക, പമ്പ് ഷെൽട്ടറിന്റെ സമീപമുള്ള സ്ഥലം മെറ്റൽ ചെയ്യുക എന്നീ ജോലികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ പണികൾ ചെയ്തു തീർക്കാൻ 4 ലക്ഷം രൂപ കൂടി ആവശ്യമാണ്.

82 (1123) സ്വകാര്യ ടി.വി. ചാനലിന്റെ ഓഹരികൾ ട്രാൻസ്പോർട്ട് ജീവനക്കാർ വാങ്ങുന്ന നടപടി

ശ്രീ. ബി വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ടി.വി. ചാനലിന്റെ ഓഹരികൾ വാങ്ങുന്നതിന് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ജീവനക്കാർക്ക് ട്രാൻസ്പോർട്ട് കോർപ്പറേഷനും സംസ്ഥാന സർക്കാരും അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ജീവനക്കാർ സ്വകാര്യ ടി.വി. ചാനലിന്റെ ഓഹരികൾ വാങ്ങുന്നത് നിയമപരമായി അനുവദനീയമാണോ എന്ന കാര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടില്ല

(ബി) ഇക്കാര്യം പരിശോധിച്ചു മറുപടി നൽകുന്നതാണ്.

83 (1124) പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിലേയ്ക്ക് കൂടുതൽ ബസ്സുകൾ അനുവദിക്കാൻ നടപടി

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടുവർഷക്കാലത്തിനുള്ളിൽ പുതുതായി കെ.എസ്.ആർ.ടി.സി. എത്ര ട്രാൻസ്പോർട്ട് ഡിപ്പോ, സബ് ഡിപ്പോ, ഓപ്പറേറ്റിംഗ് സെന്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഏതെങ്കിലും കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ, സബ് ഡിപ്പോ ആയി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കി;

(ഇ) ഓരോ ഡിപ്പോയിലേയും ബസ്സുകൾ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിലേയ്ക്ക് ഒരു ബസ്സുപോലും അനുവദിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡിപ്പോകളും ഓപ്പറേറ്റിംഗ് സെന്ററുകളും തുറന്നിട്ടില്ല. എന്നാൽ ഇക്കാലയളവിൽ കണിയാപുരം, എടത്വ, തൊട്ടിൽപ്പാലം, എരുമേലി, മല്ലപ്പള്ളി, ചടയമംഗലം എന്നീ സ്ഥലങ്ങളിൽ അഞ്ച് ഡിപ്പോകൾ തുറന്നിട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ചിറ്റൂർ.

(ഡി) 1998-99-ൽ 262 ബസ്സുകളും 99-2000 വർഷം ഇതുവരെ 240 ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്.

(ഇ) പുതിയ സർവ്വീസുകൾ ആരംഭിക്കുമ്പോഴും പഴയവ നിരത്തിൽനിന്നും പിൻവലിക്കുമ്പോഴുമാണ് സാധാരണ പുതിയ ബസ്സുകൾ നൽകുന്നത്. ഡീലക്സ്, എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ് തുടങ്ങിയ സർവ്വീസ് ബസ്സുകൾക്ക് അനുവദിച്ചിട്ടുള്ള കാലാവധി കഴിയുമ്പോഴും അവയ്ക്കു പകരമായി പുതിയ ബസ്സുകൾ നൽകാറുണ്ട്.

(എഫ്) 7.4.99-ൽ റ്റി.എഫ്. 499 എന്ന നമ്പരായി ഒരു ബസ് അനുവദിച്ചിട്ടുണ്ട്. പുതിയ ബസ്സുകളുടെ ലഭ്യതയനുസരിച്ച് കൂടുതൽ ബസ്സുകൾ നൽകുന്നതാണ്.

84 (1125) കവറടി-പാട്ടം ബസ് സർവീസ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴക്കൂട്ടം മണ്ഡലത്തിലെ കവറടി പാട്ടം നിവാസികളുടെ യാത്രാക്ലേശം കണക്കിലെടുത്ത് നെടുമങ്ങാട് നിന്നും കവറടി-പാട്ടം വഴി ആറ്റിങ്ങലിലേയ്ക്ക് ഒരു ബസ് സർവീസ് ആരംഭിക്കുവാൻ കെ.എസ്.ആർ.ടി.സി. അധികൃതർക്കു നിർദ്ദേശം നൽകുമോ?

ഉത്തരം

ബസുകളുടെ അപര്യാപ്തതമൂലം തല്ക്കാലം കഴിയുന്നില്ല.

85 (1126) കണിയാപുരം ഡിപ്പോയിൽ നിന്നും ചിറയിൻകീഴിലേക്കുള്ള സർവീസുകൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly